# ജോഷ്വ: ലാനാ സമ്മേളനത്തിൽ ചരിത്രനോവൽ

ജോൺമാത്യു

**ചി**ക്കാഗോ ലാനാ സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രഭാഷണമായിരുന്നു ഡോ. തെക്കേടത്ത് മാത്യുവിന്റേത്. അദ്ദേഹം ചരിത്രനോവലുകളെപ്പറ്റി ആധികാരികമായി പറഞ്ഞത് ലാന സമ്മേളനങ്ങളിലെതന്നെ പുതുമയും! ഒരിക്കൽ ചർച്ച ചെയ്തതുതന്നെ ആവർത്തിക്കുന്നതിനുപകരം സാഹിത്യത്തിന്റെ വിവിധ ശാഖകളിലേക്കുംകൂടി വെളിച്ചംവീശുന്ന ഇതുപോലെയുള്ള പ്രഭാഷണങ്ങൾ നമ്മുടെ സാഹിത്യസമ്മേളനങ്ങളിൽ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്.

മലയാളത്തിൽ ചരിത്രാഖ്യായികളുടെ സ്ഥാനം വളരെ പിന്നിലാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ഈ വിഷയത്തിൽ നമുക്കു മാതൃകകൾ ഉണ്ടായിരുന്നെങ്കിലും അക്കാലത്തെ കൃതികൾ സ്കൂളിലെ ‘വായനാപുസ്തകം’ എന്ന നിലവാരത്തിലേക്ക് ഒതുങ്ങി. തുടർന്ന് വിപ്ലവവും ഇക്കിളിയുമായി നമ്മുടെ എഴുത്തുകൾ മുന്നേറി.

ഭംഗിവാക്കായി പറയും എഴുത്തുകാരന് വായന വേണമെന്ന്. പക്ഷേ ആ വായന എപ്പോൾ വേണമെന്നും എന്തിനു വേണമെന്നും, എപ്പോൾ അത് നിർത്തണമെന്നും മറ്റുമുള്ള കാര്യങ്ങളിൽ മാത്രമേ തർക്കമുള്ളൂ. എഴുത്തുകാരന്റെ പക്ഷത്തുനിന്നു പറയുമ്പോൾ വായനയെത്തുടർന്നുള്ള നിരീക്ഷണവും മിനുക്കിയെടുത്ത ശൈലിയുമാണ് പ്രാധാന്യം. എന്നാൽ ചരിത്രാഖ്യായികാകാരന് വായന മാത്രമല്ല, അതിലുമുപരി പഠനവും ഗവേഷണവും ചരിത്രബോധവുംകൂടി വേണം.

ഇവിടെയാണ് ഡോ. മാത്യുവിന്റെ ‘ജോഷ്വാ’ എന്ന കൃതിയുടെ പ്രസക്തി. ആരാണീ ‘ജോഷ്വാ?’ തെറ്റിദ്ധരിക്കേണ്ട, ‘നസ്രായനായ ജോഷ്വ’തന്നെ, അതേ നസ്രായനായ യേശു. ഇവിടെ ചെറിയൊരു കൗശലം, ഹെർമൻ ഹെസ്സെയുടെ അതേ തന്ത്രം, ബുദ്ധനു പകരം സിദ്ധാർത്ഥപോലെ!

തന്റെ ചാർച്ചക്കാരി വിവാഹിതയായപ്പോൾ കന്യകയല്ലായിരുന്നുവെന്ന കാരണത്താൽ അന്നത്തെ സാമൂഹികനടപടിപ്രകാരം കല്ലെറിഞ്ഞു കൊല്ലപ്പെട്ടത് ജോഷ്വയുടെ മനസ്സിനെ വ്യണപ്പെടുത്തി. ആ കൗമാരക്കാരൻ ചുറ്റുപാടും അനീതി നിറഞ്ഞ ലോകം കണ്ടു, വേദം ദുർവ്യാഖ്യാനം ചെയ്യുന്ന മതാധിപന്മാരെ കണ്ടു. പതിമൂന്നാമത്തെ വയസ്സിൽ അന്നത്തെ റബ്ബിമാരോട് വഴക്കിട്ട് വിശാലമായ ലോകത്തിലേക്ക് ഇറങ്ങിച്ചിരച്ച ജോഷ്വ പിന്നീടെവിടെയായിരുന്നു?

ഈ ജോഷ്വയുടെ കഥ പറയാൻ അക്കാലത്തെ ചരിത്രം മുഴുവൻ ഡോ. മാത്യു പഠിച്ചിരിക്കുന്നു. അവസാനം ആ തെരച്ചിൽ മറിയയിലേക്കും പിലാത്തോസിലേക്കം ഹേരോദാവിലേക്കും മഹാപുരോഹിതന്മാരിലേക്കും പത്രോസിലേക്കും ചെന്നെത്തുന്നു, നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ കല്ലെറിയട്ടെ എന്ന പരമസത്യത്തിലേക്കും.

ഡോ. മാത്യു ഒരു വെളിപാടുപോലെ പ്രഭാഷണം നടത്തുകയല്ല ചെയ്തത്. അറുനൂറോളം പുറങ്ങൾ വരുന്ന തന്റെ ചരിത്രാഖ്യായിക അമേരിക്കയിലെ പ്രബുദ്ധരായ മലയാളി എഴുത്തുകാരുടെ സമ്മേളനത്തിൽ സമർപ്പിച്ചുകൊണ്ട് ആധികാരികമായി സാഹിത്യലോകത്ത് ചരിത്രനോവലുകൾക്കുള്ള സ്ഥാനത്തെക്കുറിച്ച് വിശദീകരണം നൽകി. അമേരിക്കയിലെ മലയാളം എഴുത്തുകാർക്കിടയിൽ ഈ കൃതി ചലനം സൃഷ്ടിക്കുമോ? ഇന്നത്തെ പള്ളിഭക്തരായ ജനങ്ങളും പുരോഹിതന്മാരും ഇതു വായിക്കാൻ സമയം കണ്ടെത്തുമോ? ഇംഗ്ലീഷിൽ എഴുതിയിരിക്കുന്നതുകൊണ്ട് ശുദ്ധമലയാളസാഹിത്യകാരന്മാർ ഈ കൃതി അവഗണിക്കുമോ? എന്നാൽ ഞാനിവിടെ പറയുകയാണ് നിങ്ങളുടെ സത്യവേദപുസ്തകത്തിനു സമീപം ഈ ‘ജോഷ്വാ’ കൂടി ചേർത്തുവെക്കണമെന്ന്.

ചരിത്രനോവലുകൾ കുറേ വായനക്കാരെ, അല്ല, ഒരു ജനതയെത്തന്നെ മറ്റൊരു കാലഘട്ടത്തിലേക്കു നയിക്കുന്നതായിരിക്കണം. എഴുത്ത് ശ്രമകരമായതുകൊണ്ടോ, വായനക്കാരെ കിട്ടാത്തതുകൊണ്ടോ ഈ വിഭാഗത്തിൽപ്പെട്ട എഴുത്തുകൾ പലപ്പോഴും അവഗണിക്കപ്പെട്ട നിലയിലാണ്. ഇവിടെ, അമേരിക്കയിൽനിന്ന് മലയാളത്തിൽ ചരിത്രനോവലുകൾ എഴുതുന്നത് എന്റെ അറിവിൽ ജോൺ ഇളമത മാത്രമാണ്. അദ്ദേഹത്തിന്റെ മോശെ, മരണമില്ലാത്തവരുടെ താഴ്‌വര, ബുദ്ധൻ, സോക്രട്ടീസു തുടങ്ങിയവ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ‘മാർക്കോപ്പോളോ’യുടെ പണിപ്പുരയിലെ വേദനകൾ അദ്ദേഹം ചിലപ്പോഴെങ്കിലും പങ്കുവെക്കാറുമുണ്ട്.

സി.വി. രാമൻപിള്ളയുടെ കൃതികൾ സർ വാൾട്ടർ സ്കോട്ടിൽനിന്ന് പ്രചോദനമുൾക്കൊണ്ടതായിരുന്നു. ഒരു പക്ഷേ നാമൊക്കെ ഏറെ വായിച്ച വിദേശ ചരിത്രനോവൽ വാൾട്ടർ സ്കോട്ടിന്റെ 'ഐവാൻഹോയും!' ഇരുപതാം നൂറ്റാണ്ടിലെ വ്യവസായ ശാസ്ത്ര പുരോഗതിക്കെല്ലാം തുടക്കംകുറിച്ചത് പത്തൊൻപതാം നൂറ്റാണ്ടിന്റെ സംഭാവനകളാണ്, ശാസ്ത്രത്തിലും കലയിലുമെല്ലാം. ഈ യൂറോപ്യൻ നവോത്ഥാനത്തിന്റെ ഭാഗമായിരുന്നു ചരിത്രനോവലുകളും.

ചരിത്രം മുഴുവൻ സത്യമല്ല, തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ ധീരപുരഷനായിരുന്നു. അന്ന് നമുക്ക് ടിപ്പുസുൽത്താൻ അധമനും. കുറേക്കാലം കഴിഞ്ഞപ്പോൾ ഇതേ ടിപ്പുതന്നെ സ്വാതന്ത്ര്യസമര യോദ്ധാവായും പ്രഖ്യാപിക്കപ്പെട്ടു. ചരിത്രം ഇങ്ങനെപോകുന്നു. ഇവിടെ സത്യം തെരഞ്ഞുപിടിക്കുന്ന തൊന്നും എഴുത്തുകാരന്റെ ജോലിയേ അല്ല. എഴുതപ്പെട്ട ചരിത്രത്തിന്റെ മറുപുറം അതേ ചരിത്രത്തിന്റെ ചുവടുപിടിച്ചുതന്നെ ഒരിക്കൽ അപ്രധാനമെന്നുകരുതിയ കഥാപാത്രങ്ങൾക്കും സംഭവങ്ങൾക്കും പുതിയ അർത്ഥവും വ്യാഖ്യാനവുമായി ആ കാലഘട്ടത്തിനു മറ്റൊരു മാനം കല്പിക്കുന്നതായിരിക്കണം ചരിത്രാഖ്യായിക.

ഇനിയും രണ്ടായിരത്തിപ്പതിമൂന്നിലെ ചിക്കാഗോ ലാനാ കൺവെൻഷനിൽനിന്ന് എന്തു നേടിയെന്നു ചോദിച്ചാൽ ഞാൻ സംശയമെന്യേ പറയും ചരിത്രാഖ്യായികൾ വായിക്കാനുള്ള ആവേശമുണ്ടായെന്ന്. അതിനു കാരണക്കാരൻ ഡോ. തെക്കേടത്ത് മാത്യുവും.